# 48

# ധനത്തെയും ശിഷ്യത്വത്തെയും കുറിച്ചുമുള്ള ഉപദേശം (19:16- 30)

യേശു വിവാഹത്തെ കുറിച്ചും, വിവാഹമോചനത്തെ കുറിച്ചും ഉപദേശി ച്ചശേഷം, ശിശുക്കളെ അനുഗ്രഹിച്ചതിനെ തുടർന്ന്, അവന്റെ ശുശ്രൂഷയിലെ വിഷയം ശിഷ്യന്മാരുടെ ജീവിതത്തിൽ ധനത്തിന്റെ പങ്കിനെ കുറിച്ചായിരുന്നു (19:16–30). ആ മൂന്നു ഭാഗങ്ങളിലുമുള്ള പ്രത്യേകത ഭവനമാണ്, കാരണം വിവാ ഹം, ശിശുക്കൾ, ധനം എന്നിവ വീടുമായി ബന്ധപ്പെട്ടതാണ്.

### ധനിക യുവാവിന്റെ ചോദ്യം (19:16-22)

**[16]അനന്തരം ഒരുത്തൻ വന്ന് അവനോട്, "ഗുരോ, നിത്യജീവനെ പ്രാപി**
**പ്പാൻ ഞാൻ എന്തു നന്മ ചെയ്യേണം" എന്നു ചോദിച്ചതിന്നു അവൻ,**
**[17]"എന്നോട് നന്മയെ കുറിച്ച് ചോദിക്കുന്നത് എന്ത്? നല്ലവൻ ഒരുത്തനേയു**
**ള്ളു. ജീവനിൽ കടപ്പാൻ ഇച്ഛിക്കുന്നുവെങ്കിൽ കൽപനകളെ പ്രമാണിക്ക"**
**എന്നു അവനോട് പറഞ്ഞു. [18]"ഏവ" എന്നു അവൻ ചോദിച്ചതിന്നു യേശു,**
**"കുല ചെയ്യരുത്, കള്ളസാക്ഷ്യം പറയരുത്, മോഷ്ടിക്കരുത്, [19]അപ്പനെയും**
**അമ്മയേയും ബഹുമാനിക്ക, കൂട്ടുകാരനെ നിന്നേപോലെ തന്നെ സ്നേ**
**ഹിക്ക എന്നിവ തന്നെ" എന്നു പറഞ്ഞു. [20]യൗവനക്കാരൻ അവനോട്,**
**"ഇവ ഒക്കെയും ഞാൻ പ്രമാണിച്ചുവരുന്നു; ഇനി കുറവുള്ളത് എന്ത്**
**എന്നു പറഞ്ഞു." [21]യേശു അവനോട്, "സൽഗുണപൂർണ്ണൻ ആകുവാൻ**
**ഇച്ഛിക്കുന്നു എങ്കിൽ, നീ ചെന്നു നിനക്കുള്ളത് വിറ്റു ദരിദ്രർക്ക് കൊടുക്ക;**
**എന്നാൽ സ്വർഗത്തിൽ നിനക്ക് പ്രതിഫലം ഉണ്ടാകും; പിന്നെ വന്നു എന്നെ**
**അനുഗമിക്ക" എന്നു പറഞ്ഞു. [22]യൗവനക്കാരൻ വളരെ സമ്പത്തുള്ളവൻ**
**ആകയാൽ ഈ വചനം കേട്ടിട്ടു ദുഃഖിച്ചു പൊയ്ക്കളഞ്ഞു.**

**വാക്യം 16.** മൂന്നു സംക്ഷിപ്ത സുവിശേഷങ്ങളിലും ഈ സംഭവം രേഖ പ്പെടുത്തിയിരിക്കുന്നത് യേശു ശിശുക്കളെ അനുഗ്രഹിച്ച ശേഷമാണ് (19:16–22; മർ. 10:17–22; ലൂക്കൊ. 18:18–23). യേശു ശിശുക്കളെ അനുഗ്രഹിച്ചതിനും ഇവിടെ പറയുന്ന മനുഷ്യന്റെ അഭിമുഖവും തമ്മിൽ എത്ര സമയവ്യത്യാസ മുണ്ടെന്ന് നമുക്ക് തീർച്ചയില്ല. മർക്കൊസ് 10:17-ൽ ഈ സംഭവം ആരംഭി ക്കുന്നത് ഇങ്ങനെയാണ്, "അവൻ [യേശു] പുറപ്പെട്ട് യാത്ര ചെയ്യുമ്പോൾ, ഒരുവൻ ഓടിവന്നു അവന്റെ മുമ്പിൽ മുട്ടുകുത്തി." മത്തായി ചുരുങ്ങിയ വിവരണമാണ് നൽകിയിരിക്കുന്നത്: **ഒരാൾ അവന്റെ അടുക്കൽ വന്നു**. ഈ സംഭവത്തിലെ മനുഷ്യനെ പരമ്പരാഗതമായി പറയുന്നത് "ധനികനായ യുവ പ്രമാണി" എന്നാണ്. സംക്ഷിപ്ത സുവിശേഷങ്ങളിലെ വിവരണങ്ങളെല്ലാം ചേർത്താണ് അങ്ങനെ പറയുന്നത്.

ആ മനുഷ്യൻ *ധനികനായിരുന്നു*. അവന് "വളരെ ധനം ഉണ്ടായിരുന്നു" എന്നാണ് മത്തായിയും മർക്കൊസും സൂചിപ്പിച്ചിരിക്കുന്നത് (19:22; മർ. 10:22). "അവൻ എത്രയും ധനവാനായിരുന്നു" എന്നാണ് നാം ലൂക്കൊസിൽ വായിക്കുന്നത് (ലൂക്കൊ. 18:23). എങ്ങനെ അത്രയും ധനം അവനു ലഭിച്ചു എന്നു പറയുന്നില്ല, ഒരുപക്ഷെ അവന് അവകാശമായി കിട്ടിയതാകാം. അവന് ധനത്തോടുള്ള മനോഭാവത്തേക്കാൾ പ്രാധാന്യമുള്ളതല്ല എങ്ങനെ അത് ലഭിച്ചു എന്നത്.

ആ മനുഷ്യൻ *യുവാവു*മായിരുന്നു. മത്തായി അവനെ രണ്ടു പ്രാവശ്യം "യുവാവ്" (*നീനിസ്കോസ്*) എന്നു വിളിച്ചിരിക്കുന്നു (19:20, 22). ഹിപൊക്രെയിറ്റ്സിനെ ഉദ്ധരിച്ച് യെഹൂദ തത്വചിന്തകനായിരുന്ന ഫിലോ പറഞ്ഞത്, യുവത്വപ്രായം എന്നു പറയുന്നത് 22 വയസു മുതൽ 28 വയസ് വരെയാണെന്നാണ്. പ്രായത്തെ അയാൾ ഏഴ് ഘട്ടമായി തിരിച്ചിരിക്കുന്നു: "അയാളുടെ ശരീരത്തിന്റെ പൂർണ്ണ വളർച്ച എത്തുന്നതുവരെ അയാൾ യുവാവാണ്, അതിൽ അവസാനത്തെ ഏഴു വർഷവും ഉൾപ്പെടുന്നു."[1] ജീവചരിത്രകാരനായിരുന്ന പൈതോഗറസിനെ ഉദ്ധരിച്ച് ഡയോജെനസ് ലയർടിയസ് പറഞ്ഞത് ഒരു "യുവപുരുഷൻ" (*നീനിസ്കോസ്*) എന്നു പറയുന്നത് 20 വയസിനും 40 വയസിനും ഇടക്കാണ്.[2] അങ്ങനെ നോക്കുമ്പോൾ, ഈ സംഭവത്തിൽ പറയുന്ന മനുഷ്യൻ അപ്പോഴും അവന്റെ യുവത്വത്തിൽ തന്നെയാണ്.

അതിനുപുറമെ, അവൻ ഒരു *പ്രമാണി*യുമായിരുന്നു. ലൂക്കൊസ് മാത്രമാണ് അവനെ "പ്രമാണി" (*ആർക്കിയോൺ*) എന്നു വിളിച്ചിരിക്കുന്നത് (ലൂക്കൊ. 18:18). അവൻ ഒരുപക്ഷെ പ്രാദേശിക രാഷ്ട്രീയ നേതാവായിരുന്നേക്കാം, അല്ലെങ്കിൽ ഒരു പ്രദേശത്തെ ഉദ്യോഗസ്ഥനായിരിക്കാം. ഒരു പ്രദേശത്തെ പള്ളിയിലെ പ്രമാണിയായിരിപ്പാനാണ് കൂടുതൽ സാധ്യത (9:18 ന്റെ പരാമർശം നോക്കുക). അവന്റെ സ്ഥാനം എന്തായാലും ശരി, അവൻ പണം സമ്പാദിച്ചത് കൈക്കൂലി വാങ്ങിയോ, വഞ്ചിച്ചോ ആയിരിക്കുവാനിടയില്ല. അവൻ ദൈവ കൽപനകൾ പ്രമാണിച്ച ധാർമ്മികനായ വ്യക്തിയായിരുന്നു (19:17–20).

ആ നല്ല മനുഷ്യൻ, യേശുവിന്റെ അടുക്കൽ വന്നു ചോദിച്ചു, **"എന്തു നന്മ ചെയ്താലാണ് എനിക്ക് നിത്യജീവൻ പ്രാപിക്കുവാൻ സാധിക്കുക?" ചിലർ "ഗുരോ"** എന്നു വിളിച്ചുകൊണ്ടാണ് യേശുവിന്റെ അടുക്കൽ വന്നത് (8:19 ന്റെ പരാമർശം നോക്കുക). ചില കയ്യെഴുത്തു പ്രതികളിൽ "ഗുരോ" എന്നതിനു മുൻപ് "നല്ല" എന്ന വിശേഷണം ചേർത്തിരിക്കുന്നത്, ഒരുപക്ഷെ സമാന്തര വിവരണങ്ങളിൽനിന്നു എടുത്തതാകാം (മർ. 10:17; ലൂക്കൊ. 18:18).[3] "ഗുഡ്" എന്നതിനു പകരം മത്തായി "തിങ്" എന്നുപയോഗിക്കുന്നത് അവൻ പറയുന്ന കാര്യത്തെ ഊന്നിയായിരിക്കണം.

ചില "നല്ല പ്രവൃത്തി" ചെയ്താൽ നിത്യജീവൻ നേടിയെടുക്കാം എന്ന വിശ്വാസത്തിൽനിന്നാകാം ആ മനുഷ്യൻ അങ്ങനെ ചോദിച്ചത്. ആ കാഴ്ച്ചപ്പാടിനെ ജെ. ഡബ്ലിയു. മെക്ഗാർവേ പിന്താങ്ങുന്നു: "ഏതോ ഒരു ഉയർന്ന പ്രവൃത്തി ചെയ്താൽ നിത്യജീവൻ അവകാശമാക്കാം എന്ന് തീർച്ചയായും ആ മനുഷ്യൻ വിശ്വസിച്ചിരുന്നു."[4] എന്നേക്കുമുള്ള നിത്യജീവൻ ഉറപ്പാക്കുന്നതിന് തന്റെ ജീവിതത്തിൽ എന്തോ കുറവുണ്ടെന്ന് അവൻ മനസിലാക്കിയിരുന്നു. അവന്റെ ചോദ്യത്തിന്റെ പിന്നിലുള്ള ലക്ഷ്യം എന്തായിരുന്നാലും, നിത്യമായ പ്രതിഫലം നഷ്ടമാകരുത് എന്ന ആത്മിയമായ ചിന്ത അവനിൽ ഉണ്ടായിരുന്നു.

ഇതുപോലെയുള്ള ചോദ്യങ്ങൾ പുതിയനിയമത്തിൽ വേറെയുമുണ്ട്. ചുങ്കക്കാരും, പടയാളികളും, ഉൾപ്പെടുന്ന പുരുഷാരം, യോഹന്നാൻ സ്നാപകന്റെ

അടുക്കൽ വന്ന് അവനോട് ചോദിച്ചു, "ഗുരോ, ഞങ്ങൾ എന്തു ചെയ്യേണം?" (ലൂക്കൊ. 3:10, 12, 14). പെന്തെകൊസ്തുനാളിൽ സുവിശേഷ സന്ദേശം കേട്ടവർ പത്രൊസിനോടും ശേഷം അപ്പൊസ്തലന്മാരോടും ചോദിച്ചു, "സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു?" (പ്രവൃ. 2:37). ഫിലിപ്പിയൻ കാരാഗൃഹ പ്രമാണി പൗലൊസിനോടും ശീലാസിനോടും ചോദിച്ചു, "രക്ഷപ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണ്ടു?" (പ്രവൃ. 16:30).

താൽമൂദിൽ, എലയാസറിന്റെ ശിഷ്യന്മാർ പറഞ്ഞു, "യജമാനനേ, ഭാവിലോകത്തെ അതിജീവിക്കുവാൻ തക്ക ജീവന്റെ വഴികൾ ഞങ്ങളെ പഠിപ്പിക്കേണമേ."[5] മത്തായിയിൽ ആദ്യമായാണ്, ഈ വാക്യത്തിൽ "നിത്യജീവൻ" എന്ന വാക്ക് നാം കാണുന്നത് (19:29; 25:46 നോക്കുക). പിന്നീട്, ഈ വാക്ക് പ്രത്യേകമായി യോഹന്നാൻ ഉപയോഗിച്ചിരിക്കുന്നു.

**വാക്യം 17.** ചില കയ്യെഴുത്തുപ്രതികളിൽ വായിക്കുന്നത്, "നീ എന്നെ നല്ലവൻ എന്നു വിളിക്കുന്നത് എന്ത്? ദൈവം ഒരുവൻ മാത്രമാണ് നല്ലവൻ" (മർ. 10:18; ലൂക്കൊ. 18:19).[6] എങ്ങനെയായാലും, ഏറ്റവും സാക്ഷാലുള്ളതായി തോന്നുന്നത് എൻഏഎസ്ബിയിലേതാണ്: "**നീ എന്താണ് നന്മയെ കുറിച്ച് ചോദിക്കുന്നത്? നല്ലവൻ ഒരുവൻ മാത്രം; നീ ജീവനിൽ കടക്കുവാൻ ഇച്ഛിക്കുന്നുവെങ്കിൽ, കൽപനകളെ പ്രമാണിക്ക**." ഗ്രീക്കിൽ, "എന്നെ" എന്നതു ഊന്നൽ സ്ഥാനത്താണ്. ആ ചോദ്യത്താൽ, തന്നെ കുറിച്ച് യുവാവിന്റെ കാഴ്ച്ചപ്പാട് യേശു പരീക്ഷിക്കുകയായിരുന്നേക്കാം. അവൻ വിദ്യാഭ്യാസമുള്ള യെഹൂദനായതിനാൽ, ന്യായപ്രമാണം ആവശ്യപ്പെടുന്നത് അവനു അറിയാമായിരുന്നു. ദൈവം - ഒരുവൻമാത്രം - "നല്ലവൻ" എന്നു ചൂണ്ടിക്കാട്ടി യേശു നന്മയുടെ ഉറവിടത്തെ കാണിക്കുകയായിരുന്നു.[7] സ്വർഗത്തിൽ പോകുവാൻ ഒരാൾ എന്തു ചെയ്യണമെന്ന് നമ്മുടെ നല്ല ദൈവം തന്റെ വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. താൻ പറഞ്ഞത് വ്യക്തമാക്കുവാൻ യേശു ആ യുവാവിനോട് പറഞ്ഞു, "കൽപനകളെ പ്രമാണിക്ക."

**വാക്യങ്ങൾ 18, 19.** പ്രമാണി ചോദിച്ചു, "ഏവ?" ചിലത് ഉപേക്ഷിക്കണം എന്നല്ല അവൻ വിചാരിച്ചത്, പിന്നെയോ ചിലതു മറ്റുള്ളവയേക്കാൾ മേന്മയുള്ളതായിരിക്കുമെന്നാണ് (23:23 നോക്കുക).[8]

പത്തു കൽപനകളിലെ ബന്ധങ്ങളെ ശരിയാക്കുന്ന അഞ്ചു കൽപനകൾ യേശു അവന്നു വിശദീകരിച്ചു കൊടുത്തു: "**കുല ചെയ്യരുത്; വ്യഭിചാരം ചെയ്യരുത്; മോഷ്ടിക്കരുത്; കള്ളസാക്ഷ്യം പറയരുത്; നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക**" (പുറ. 20:12-16; ആവ. 5:16-20). ക്രിയാത്മക കൽപനയായ "അപ്പനെയും അമ്മയെയും ബഹുമാനിക്ക" എന്നത് പത്തു കൽപനകളിലേതുപോലെ നിഷേധാത്മകമായ കൽപനകൾക്ക് ശേഷമാണ് യേശു പറഞ്ഞത്. അവൻ അവസാനം നൽകിയ കൽപന, "**കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്ക**" എന്നത് ചുരുക്ക പ്രസ്താവനയായി ലേവ്യാപുസ്തകം 19:18 ഉദ്ധരിച്ചതായിരുന്നു. യെഹൂദ കുട്ടികളെ അല്ലെങ്കിൽ പുതിയ പരിവർത്തകരെ ഉപദേശിപ്പാനായി യെഹൂദന്മാർ എടുത്തതായിരുന്നു പത്തുകൽപനകളിലെ പകുതിയായ ലേവ്യാപുസ്തകം 19:18 എന്നാണ് ഡേവിഡ് ഹിൽ അവകാശപ്പെടുന്നത് (റോമ. 13:9 നോക്കുക).[9]

**വാക്യം 20.** പ്രമാണി തറപ്പിച്ചു പറഞ്ഞു, "**ഇവയെല്ലാം ഞാൻ പ്രമാണിച്ചുപോരുന്നു.**" "ബാല്യം മുതൽ" അല്ലെങ്കിൽ "യുവത്വം മുതൽ" എന്ന് ചില കയ്യെഴുത്തു പ്രതികളിൽ കൂട്ടിച്ചേർത്തിരിക്കുന്നു (മർ. 10:20; ലൂക്കൊ. 18:21

നോക്കുക).[10] ഒരുവിധത്തിൽ നോക്കിയാൽ, യുവാവിന്റെ അവകാശം നിയമപരമാണ് (ഫിലി. 3:6 നോക്കുക); മറ്റൊരു രീതിയിൽ നോക്കിയാൽ, മലമ്പ്രസംഗത്തിൽ നിർവ്വചിച്ചിരിക്കുന്നതുപോലെ, ന്യായപ്രമാണം പൂർണ്ണമായി അനുസരിക്കുവാൻ കഴിഞ്ഞിരിക്കുകയില്ല.[11] തീർച്ചയായും, ആ യുവാവിന്റെ മനോഭാവത്തെ നാം അനുമോദിക്കണം. ന്യായപ്രമാണ കൽപനകളെല്ലാം അനുസരിക്കുന്നുണ്ടെന്നു പറയുമ്പോഴും, തന്നിൽ **എന്തോ കുറവുണ്ടെന്ന** തോന്നൽ അവനിലുണ്ടായിരുന്നു.

**വാക്യം 21**. യുവ പ്രമാണി ആത്മാർത്ഥതയുള്ളവനും മാന്യനും ആയിരുന്നിട്ടും, ദൈവിക സേവനത്തിന് അവന്റെ ധനം തടസമാണെന്ന് കർത്താവ് മനസിലാക്കിയിരുന്നു. യേശുവിന് ആ മനഷ്യനോട് സ്നേഹമുണ്ടായിരുന്നതിനാൽ (മർ. 10:21) ഉത്തരം പറഞ്ഞു, **"സൽഗുണപൂർണ്ണൻ ആകുവാൻ ഇഛിക്കുന്നുവെങ്കിൽ, നീ ചെന്നു നിനക്കുള്ളത് വിറ്റു ദരിദ്രർക്ക് കൊടുക്ക. എന്നാൽ സ്വർഗത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും; പിന്നെ വന്നു എന്നെ അനുഗമിക്ക."**

യേശുവിനെ പിൻപറ്റുവാൻ ആഗ്രഹിക്കുന്ന എല്ലാവരും തങ്ങളുടെ സമ്പാദ്യം വിൽക്കേണ്ട ആവശ്യമുണ്ടോ? ഇല്ല. ആ മനുഷ്യൻ യേശുവിനെ അനുഗമിക്കുകയായിരുന്നുവെങ്കിൽ, അവനും അവന്റെ ശിഷ്യന്മാരും പാലസ്തീനിലെ എല്ലാ ടൗണുകളിലേക്കും ഗ്രാമങ്ങളിലേക്കും പോകുമ്പോൾ അവരോടൊപ്പമാകണമെങ്കിൽ പൂർണ്ണമായ സമർപ്പണം ആവശ്യമാണ്. യേശു ഉപയോഗിച്ച വാക്ക് (*ടെലെയിയോസ്*), അർത്ഥം "പൂർണ്ണമായ," അല്ലെങ്കിൽ "പക്വതയുള്ള" എന്നാണ് (1 കൊ. 2:6; 14:20; എഫെ. 4:13; ഫിലി. 3:15; കൊലൊ. 1:28; 4:12; എബ്രാ. 5:14).[12] പൂർണ്ണമായും പക്വതയുള്ള ഒരു പ്രതികരണം എടുപ്പാനാണ് യേശു പറഞ്ഞത്. ആ ആവശ്യം അവൻ നമ്മിൽ അടിച്ചേൽപ്പിക്കുന്നില്ലെങ്കിലും, വിശ്വസ്ത ശിഷ്യരായി പ്രവർത്തിക്കുവാൻ ധനം തടസമാണെങ്കിൽ വിറ്റു ദരിദ്രർക്ക് കൊടുക്കണം.

ആ മനുഷ്യൻ തന്റെ സമ്പത്ത് വിറ്റു ദരിദ്രർക്ക് കൊടുത്താൽ മാത്രം പോരായിരുന്നു (1 കൊ. 13:3). അവൻ യേശുവിനെ "അനുഗമിക്കണെ" മായിരുന്നു, അവൻ പറഞ്ഞു, "ഞാൻ തന്നെ വഴിയും, സത്യവും, ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹ. 14:6). ശിഷ്യത്വത്തിനായി യേശു അടിക്കടി ഉപയോഗിച്ചിരിക്കുന്ന ക്ഷണപ്രയോഗമാണ് "വന്ന്, എന്നെ അനുഗമിക്ക" എന്നത് (8:22; 10:38, 39; 16:24–26). നാല് മുക്കുവരെയും (4:19) മത്തായി എന്ന ചുങ്കക്കാരനേയും അവൻ വിളിച്ചപ്പോഴും അവൻ ആ വാക്ക് ഉപയോഗിച്ചിരുന്നു (9:9), ഈ യുവാവിനോട് യേശു പറഞ്ഞതെല്ലാം അവർ ചെയ്തിരുന്നു.

**വാക്യം 22 യൗവനക്കാരൻ ... വളരെ സമ്പത്തുള്ളവനാകയാൽ ഈ വചനം കേട്ടിട്ടു ദുഃഖിച്ചു പൊയ്ക്കളഞ്ഞു**. ആ മനുഷ്യൻ ഓടിയായിരുന്നു യേശുവിന്റെ അടുക്കൽ വന്നത് (മർ. 10:17) അവന്റെ ധനം ഉപേക്ഷിക്കുവാൻ പറഞ്ഞതുകൊണ്ട്, അവൻ ദുഃഖിച്ചാണ് തിരിച്ചു പോയത്. ലൂക്കൊസ് എഴുതിയിരിക്കുന്നത്, "അവൻ എത്രയും ധനവാനാകകൊണ്ട്, അത് കേട്ടിട്ട് അതിദുഃഖിതനായി തീർന്നു" (ലൂക്കൊ. 18:23). നിലവും, വീടുകളും, ഉപകരണങ്ങളും ഉൾപ്പെടുന്നതായിരുന്നു അവന്റെ "ധനം" (*ക്റ്റെമാ*).[13] യേശുവിനെ അനുഗമിക്കുവാനായി അപ്പൊസ്തലന്മാർ ഇവയിൽ ചിലതെല്ലാം ഉപേക്ഷിച്ചിരുന്നു (19:29 ന്റെ പരാമർശം നോക്കുക).[14]

ഈ മനുഷ്യന്റെ കാര്യത്തിൽ, സ്വർഗിയ നിക്ഷേപം ലഭിക്കുവാൻ ലൗകിക നിക്ഷേപം ത്യജിക്കേണ്ടിയിരുന്നു. മലമ്പ്രസംഗത്തിൽ, യേശു പറഞ്ഞു, “നിങ്ങളുടെ നിക്ഷേപം ഉള്ളേടത്ത് നിങ്ങളുടെ ഹൃദയവും ഇരിക്കും” (6:21). “നിങ്ങൾക്ക് ദൈവത്തെയും ധനത്തെയും സേവിപ്പാൻ സാധ്യമല്ല” (6:24). സ്വർഗ രാജ്യം എന്ന മറഞ്ഞിരിക്കുന്ന നിധി വാങ്ങുവാൻ, തനിക്കുണ്ടായിരുന്നതെല്ലാം ഒരു മനുഷ്യൻ സന്തോഷത്തോടെ വിറ്റുകളഞ്ഞു എന്ന് യേശു ഒരു ഉപമയിൽ പറഞ്ഞിരിക്കുന്നു (13:44). ആ പ്രമാണി യേശുവിനെ മുറുകെ പിടിക്കുന്നതിനു പകരം, തന്റെ സമ്പാദ്യത്തെ പുണരുവാനായി പോയി. ആ പ്രമാണിയുടെ തീരുമാനത്തെ ഡഗ്ലസ് ആർ. ഏ. ഹെയർ ഇങ്ങനെ വിലയിരുത്തിയിരിക്കുന്നു:

> അവന്റെ സമ്പത്തിന്റെ നല്ലൊരു ഭാഗം വിറ്റു ദരിദ്രർക്ക് കൊടുക്കാമായിരുന്നു. അവനുള്ളതെല്ലാം, അതായത്, ലൗകിക നേട്ടം, സാമൂഹ്യനിലവാരം, സാമ്പത്തിക ഭദ്രത എന്നിവയെല്ലാം ഉപേക്ഷിക്കുക പ്രയാസമായിരുന്നു. യേശു വിളിച്ച അറിയപ്പെടാത്ത ഭീതിജനകമായി തോന്നുന്ന ലോകത്തിനായി, അവൻ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സുഖസൗകര്യങ്ങൾ കളയുവാൻ അവൻ തയ്യാറായില്ല. അവന്റെ സമ്പത്തിനാലായിരുന്നു അവൻ അറിയപ്പെട്ടിരുന്നത്; പുതിയ വ്യക്തിത്വത്തിനു അവൻ ശ്രമിച്ചില്ല. അവന് ഈ ലോകത്തിലെ “സമ്പത്തിന്” വിലയുണ്ടെന്ന് അവൻ മനസിലാക്കിയിരുന്നു, എന്നാൽ ആ നിലവാരത്തിന് യേശുവിനും ശിഷ്യന്മാർക്കും ഒരു “വിലയും” ഇല്ലായിരുന്നു.[15]

## യേശുവിന്റെ കണക്കുകൂട്ടൽ (19:23-26)

**[23]യേശു തന്റെ ശിഷ്യന്മാരോട്, “ധനവാൻ സ്വർഗ രാജ്യത്തിൽ കടക്കുന്നത് പ്രയാസം എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു. [24]ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനേക്കാൾ, ഒട്ടകം സൂചിക്കുഴയൂടെ കടക്കുന്നത് എളുപ്പം എന്നും ഞാൻ നിങ്ങളോട് പറയുന്നു.” [25]ഇതു കേട്ട് ശിഷ്യന്മാർ ഏറ്റവും വിസ്മയിച്ചു; “എന്നാൽ രക്ഷിക്കപ്പെടുവാൻ ആർക്കു കഴിയും” എന്നു പറഞ്ഞു, [26]യേശു അവരെ നോക്കി, “അതു മനുഷ്യർക്ക് അസാദ്ധ്യം എങ്കിലും, ദൈവത്തിനു സകലവും സാദ്ധ്യം എന്നു പറഞ്ഞു.”**

**വാക്യം 23.** ആ യുവാവ് വിട്ട് പോയത് യേശുവിന് ശിഷ്യന്മാരെ പഠിപ്പിക്കുവാൻ മറ്റൊരു പാഠം ലഭിച്ചു, **“ധനവാൻ സ്വർഗ രാജ്യത്തിൽ കടക്കുന്നത് പ്രയാസം എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു.”** ലൂക്കൊസ് 18:24 പറയുന്നത്, ആ മനുഷ്യനെ “നോക്കി” ഈ വാക്കുകൾ പറഞ്ഞു എന്നാണ്, എന്നാൽ മർക്കൊസ് 10:23 പറയുന്നത്, അവൻ “ചുറ്റും നോക്കി” ഈ വാക്കുകളെ പറഞ്ഞു എന്നാണ്. യേശു വിട്ടുപോയ മനുഷ്യനെ നോക്കിയശേഷം ശിഷ്യന്മാരോട് തിരിഞ്ഞു ആ വാക്കുകൾ പറഞ്ഞിരിക്കുവാനാണ് സാദ്ധ്യത.

“പ്രയാസം” എന്നതിന്റെ ഗ്രീക്ക് വാക്ക് (*ഡുസ്കോലോസ്*) സംക്ഷിപ്ത സുവിശേഷങ്ങളിൽ ഈ ഉപദേശത്തിൽ മാത്രമാണ് കാണുന്നത് (19:23; മർ. 10:23; ലൂക്കൊ. 18:24). *ഡുസ്കോലോസിന്റെ* അർത്ഥം “പ്രയാസത്തോടു കൂടി” എന്നാണ്. മത്തായി 7:14-ൽ യേശു പറഞ്ഞു, “ജീവങ്കലേക്ക് പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്, അത് കണ്ടെത്തുന്നവർ ചുരുക്കമത്രെ.”

സ്വർഗത്തിലേക്കുള്ള വഴി എളുപ്പമുള്ളതല്ല (7:13, 14 ന്റെ പരാമർശം നോക്കുക).

ചില പുരാതന കയ്യെഴുത്തു പ്രതികളിൽ, മർക്കൊസിലെ യേശുവിന്റെ പ്രസ്താവന വ്യക്തമാക്കുന്നത്, "ധനമുള്ളവർ," "സമ്പത്തിൽ ആശ്രയിക്കുന്നവർ" എന്നീ പ്രയോഗങ്ങളോടുകൂടിയാണ് (മർ. 10:23, 24).[16] ദൈവത്തിൽ ആശ്രയിക്കുന്നതിനു പകരം "സമ്പത്തിൽ ആശ്രയിക്കുന്നവർക്ക്" ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ സാദ്ധ്യമല്ല. ആ പ്രയോഗം യേശു മൃദുലമാക്കി ഉപദേശിച്ചതാകാം.

**വാക്യം 24**. തന്റെ മുന്നറിയിപ്പിനെ ചിത്രീകരിച്ച് യേശു പറഞ്ഞു, "**ധനവാൻ സ്വർഗ രാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം**.'' അസാദ്ധ്യമായതിനെ കാണിക്കുന്ന ഒരു പഴഞ്ചൊല്ലായിരുന്നു പ്രസ്താവനയിലെ ആദ്യഭാഗം. പാലസ്തീനിലെ ഏറ്റവും വലിയ മൃഗമായിരുന്നു ഒട്ടകം. സൂചിക്കുഴ പ്രവേശിക്കുന്നതിനുള്ള ഏറ്റവും ചെറുതുമായിരുന്നു. ബാബിലോണിൽ ഏറ്റവും വലിയ മൃഗം ആനയാണ്, അതിനാൽ അവിടെ ഇതു പറയുമ്പോൾ അൽപം വ്യത്യാസം ഉണ്ടാകും. താൽമൂദ് പറയുന്നത്, "*ആന സൂചിക്കുഴയിലൂടെ കടക്കുന്നതായി* ... ഒരു മനുഷ്യൻ ഒരിക്കലും സ്വപ്നം കാണുകയില്ല."[17] – അതായത്, കാണുവാൻ ആഗ്രഹിക്കാത്തത്, സ്വപ്നത്തിൽ ഭാവനയിൽ പോലും സംഭവിക്കുകയില്ല. അതിൽ ഇതു കൂടെ പറയുന്നു, "ഒരുപക്ഷെ നിങ്ങൾ പുംബേഡിതയിൽനിന്നുള്ള ആളായിരിക്കാം ... അവിടെ ഒരു *ആന സൂചിക്കുഴയിൽ കൂടെ കടക്കുവാൻ ശ്രമിക്കുന്നത് വരച്ചിരിക്കുന്നു*."[18] – അസാദ്ധ്യമായതിനെ കാണുവാൻ എന്നർത്ഥം. തീർച്ചയായും, അവിടെ ജീവിച്ച പണ്ഡിതന്മാർ ഇത്തരം ക്രാഫ്റ്റിൽ പ്രസിദ്ധി നേടിയിരുന്നു.

ഇതുപോലെയുള്ള ഭാവന യേശു ഇഷ്ടപ്പെട്ടിരുന്നു. കോലും, കരടും അവൻ ചിത്രീകരണത്തിനായി ഉപയോഗിച്ചിരുന്നു (7:3, 4), കടുകുമണിയും മുഴുവനായി വളർന്ന വലിയ സസ്യവും (13:31, 32), കടുകുമണിയും, മലയും (17:20), ഒട്ടകവും അരിക്കലും (23:24). യേശുവിന്റെ ഈ ഉപമയിൽ മൈക്കിൾ ജെ. വിൽക്കിൻസ് നർമ്മം കാണുന്നു: "പ്രശ്നം ഗൗരവമുള്ളതല്ലെങ്കിൽ, അസാദ്ധ്യമായതിനെ കാണിച്ച് അടക്കിച്ചിരിക്കുവാനുള്ള ഒരു ഉപമയായിരുന്നു നൽകിയത്, അതായത് മുകളിൽ രോമാവൃതവും, ഉന്തി നിൽക്കുന്ന പ്രതലവും ആയി തുപ്പുന്ന ഒരു മൃഗം, സാധാരണ ഒരു ചെറിയ സൂചിക്കുഴയിൽകൂടെ കടക്കുക എന്ന ചിത്രീകരണം അതാണ് വ്യക്തമാക്കുന്നത്."[19] ലൂക്കൊസ്, വൈദ്യനാകയാൽ (കൊലൊ. 4:14), ഓപ്പറേഷന് ഉപയോഗിക്കുന്ന സൂചിയാണ് പറഞ്ഞിരിക്കുന്നത്, അതിന്റെ ഗ്രീക്ക് വാക്ക് (*ബെലോണെ*; ലൂക്കൊ 18:25),[20] സാധാരണ തയ്ക്കുവാൻ ഉപയോഗിക്കുന്ന സൂചിക്കുള്ള വാക്കാണ് മത്തായി ഉപയോഗിച്ചിരിക്കുന്നത് (*രാഫിസ്*). യേശു ഊന്നൽ കൊടുത്തിരിക്കുന്നത് സൂചിയുടെ ഉദ്ദേശത്തിനല്ല, മറിച്ച് അതിന്റെ ദ്വാരത്തിനാണ്.

യേശുവിന്റെ പ്രസ്താവന ബലഹീനമാക്കുവാനുള്ള ശ്രമം നടന്നിട്ടുണ്ട്. പ്രായം ചെന്ന വ്യാഖ്യാതാക്കൾ സൂചിക്കുഴയെ യെരുശലേമിന്റെ ഇടുങ്ങിയ വാതിലായി വ്യാഖ്യാനിച്ചിരിക്കുന്നു, അതിൽകൂടെ കടക്കുവാൻ ഒട്ടകത്തിന്റെ മുകളിലെ ചുമട് ഇറക്കുകയും ഒട്ടകം കുനിയുകയും വേണം. മലയിടുക്കിലെ വഴിയിൽ കൂടെ ഒട്ടകത്തിനു കടന്നുപോകുവാൻ പ്രയാസമുള്ളതായി വേറെ ചിലർ അതിനെ വ്യാഖ്യാനിച്ചിട്ടുണ്ട്.

വേറെ ചില വ്യാഖ്യാതാക്കൾ പിന്നീടുള്ള കയ്യെഴുത്തു പ്രതികളിൽ "ഒട്ടകം" (*കമെലോസ്*) എന്ന വാക്കിനു പകരം "കയർ" (*കമിലോസ്*) എന്ന

വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്, അർത്ഥം വലിയ ഭാരം എന്നാണ്.[21] എങ്ങ നെയായാലും, ഒരു കയർ സൂചിക്കുഴയിൽകൂടെ കടക്കുകയില്ല, ആകയാൽ പ്രയാസത്തിനു മാറ്റം വരുത്തിയിട്ടില്ല.

കൂടുതൽ ധനമുള്ള ഒരാൾക്ക്, അയാൾ തന്റെ ധനത്തെ സ്നേഹിക്കുന്ന തുകൊണ്ട്, സ്വർഗത്തിൽ പോകുക പ്രയാസമുള്ള കാര്യമായിട്ടാണ് യേശു സംസാരിച്ചത്. ആ ധനവാൻ ആരുടെയെങ്കിലും പ്രേരണയാലായിരിക്കാം ധനത്തിൽ ആശ്രയം വെച്ചത്. ഭൗതിക സമ്പത്തിൽ ആശ്രയം വെക്കുന്ന ഒരാൾക്ക് നിത്യജീവൻ പ്രാപിക്കുവാനുള്ള നിബന്ധനകൾ സ്വീകരിക്കുവാൻ കഴിയുകയില്ല.[22]

പൗലൊസിന്റെ വാക്കുകൾ അനുസരിച്ച്, "ലോകാഭിപ്രായപ്രകാരം ജ്ഞാനികൾ ഏറെയില്ല, ബലവാന്മാർ ഏറെയില്ല, കുലീനന്മാരും ഏറെയില്ല" (1 കൊ. 1:26). ധനികരായ ആളുകളിൽനിന്നു വ്യത്യസ്തരായി "സാധാരണ ക്കാരാണ് അവന്റെ വചനം സന്തോഷത്തോടെ കൈക്കൊണ്ടത്" (മർ. 12:37; എൻകെജെവി).

**വാക്യം 25.** യേശു പറഞ്ഞ പ്രസ്താവനയുടെ ഫലം **ശിഷ്യന്മാർ** മനസി ലാക്കി **വളരെ വിസ്മയിച്ചു.** ദൈവാനുകൂല്യത്തിന്റെ അടയാളമായിട്ടായിരുന്നു യെഹൂദന്മാർ ധനത്തെ കണ്ടിരുന്നത് (സങ്കീ 112:1-3).[23] ധനവാന്മാർ ദൈവരാ ജ്യത്തിൽനിന്നു ഒഴിവാക്കപ്പെടും എന്നു കേട്ടപ്പോൾ ശിഷ്യന്മാർ ഞെട്ടിപ്പോ യി. തൽഫലമായി അവർ ചോദിച്ചു, "**പിന്നെ ആർക്ക് രക്ഷിക്കപ്പെടുവാൻ കഴിയും?"** മറ്റൊരു വാക്കിൽ പറഞ്ഞാൽ, "ദൈവത്താൽ ഏറ്റവും അനുഗ്രഹി ക്കപ്പെട്ടവർക്ക് രക്ഷിക്കപ്പെടുവാൻ കഴിയുകയില്ലെങ്കിൽ, പിന്നെ ആർക്കാണ് അതിനു കഴിയുക?" അവിടം വിട്ടുപോയ ധനിക യുവാവായിരുന്നു ശിഷ്യന്മാ രുടെ മനസിൽ. അവൻ ഒരു മാതൃകാ പൗരനായിരുന്നു: "മാന്യൻ, ന്യായപ്ര മാണ-പാലകൻ, ധർമ്മിഷ്ടനും, മതഭക്തനും ആയിരുന്നു."[24] അവർ ചോദിച്ചു, "അത്തരം ഒരു വ്യക്തിയെ ദൈവത്തിനു സ്വീകരിപ്പാൻ കഴിയുകയില്ലെങ്കിൽ, ശേഷമുള്ള ഞങ്ങളെ പോലെയുള്ളവർക്ക് എന്താണ് ഗതി?"[25]

വാക്യം 26. ധനവാൻ സ്വർഗ രാജ്യത്തിൽ കടക്കുക പ്രയാസമാണെന്ന് **യേശു** പറയുമ്പോൾ, ആ സന്ദർഭത്തിലെ അസാദ്ധ്യം നീക്കം ചെയ്തു പറഞ്ഞു, അത് **മനുഷ്യർക്ക് അസാദ്ധ്യ**മെങ്കിലും, **ദൈവത്തിനു സകലവും സാദ്ധ്യം**. അവന്റെ ഇഷ്ടത്തിലുള്ളതാണെങ്കിൽ, ദൈവശക്തിക്കപ്പുറമായി ഒന്നുമില്ല.[26]

## അപ്പൊസ്തലന്മാരുടെ ത്യാഗങ്ങൾ
## (19:27-30)

**27പത്രൊസ് അവനോട്, "ഞങ്ങൾ സകലവും വിട്ട് നിന്നെ അനുഗമി ച്ചുവല്ലോ; ഞങ്ങൾക്ക് എന്തു കിട്ടും?" എന്നു ചോദിച്ചു. 28യേശു അവരോട് പറ ഞ്ഞത് "എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ പുനർജ്ജനനത്തിൽ മനുഷ്യപു ത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ, നിങ്ങളും പ ന്ത്രണ്ടു സിംഹാസനത്തിൽ ഇരുന്ന് യിസ്രായേൽ ഗോത്രം പന്ത്രണ്ടിനും ന്യ ായം വിധിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു. 29എന്റെ നാമം നിമിത്തം വീടുകളെയോ, സഹോദരന്മാരെയോ സഹോദരികളെയോ, അപ്പനെയോ, അമ്മയെയോ, മക്കളെയോ, നിലങ്ങളെയോ വിട്ടുകളഞ്ഞവന്നു**

**എല്ലാം നൂറുമടങ്ങ് ലഭിക്കും; അവൻ നിത്യജീവനെയും അവകാശമാക്കും. [30]എങ്കിലും, മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആകും."**

**വാക്യം 27. പത്രൊസ്** ഒരിക്കൽകൂടെ ശിഷ്യന്മാർക്കുവേണ്ടിയുള്ള വക്താവായി (15:15; 16:16; 17:4). അവൻ യേശുവിനോട് ചോദിച്ചു, **"ഞങ്ങൾ സകലവും വിട്ട് നിന്നെ അനുഗമിച്ചിരിക്കുന്നുവല്ലോ; ഞങ്ങൾക്ക് എന്തു കിട്ടും?"** ഒരു മടിയും കൂടാതെ യേശു അവന്റെ ചോദ്യത്തിന് ഉത്തരം നൽകി. തീർച്ചയായും ആ പുരുഷന്മാർ സകലവും വിട്ടാണ് യേശുവിനെ പിൻപറ്റിയത്. ഡബ്ലിയു. എഫ്. ആൾബ്രൈറ്റും സി. എസ്. മാനും പത്രൊസിന്റെ ചോദ്യം ആ യുവാവിനെ മനസിൽ വെച്ചുകൊണ്ടായിരുന്നു എന്നാണ് കരുതുന്നത്. പത്രൊസ് പറഞ്ഞത്, "ആ യുവാവിനു ചെയ്യുവാൻ കഴിയാതിരുന്നതെല്ലാം ഞങ്ങൾ ചെയ്തു; അപ്പോൾ ഞങ്ങൾക്കുള്ള പ്രതിഫലം എന്തായിരിക്കും?"[27]

**വാക്യം 28.** ദൈവരാജ്യത്തിനായി അപ്പൊസ്തലന്മാർ സ്വീകരിച്ച ത്യാഗം ശ്രദ്ധിക്കപ്പെടാതെ പോകുകയില്ല എന്നാണ് **യേശു** വീണ്ടും ഉറപ്പിച്ചു പറഞ്ഞത്. അവർ **പന്ത്രണ്ടു സിംഹാസനത്തിലിരുന്നു യിസ്രായേൽ ഗോത്രം പന്ത്രണ്ടിനേയും ന്യായം വിധിക്കും** എന്നാണ്. **മനുഷ്യപുത്രൻ തന്റെ തേജസിന്റെ സിംഹാസനത്തിൽ** ഇരിക്കു [മ്പോഴാണ്] അതു സംഭവിക്കുക. ആ "പന്ത്രണ്ടു സിംഹാസനങ്ങൾ" അക്ഷരികമോ ആലങ്കാരികമോ? അപ്പൊസ്തോലിക ഉപദേശപ്രകാരമാണോ "വിധിക്കൽ" അല്ലെങ്കിൽ വാസ്തവത്തിലുള്ള ഭരണമാണോ? "യിസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങൾ" എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് ആരാണ്? ആ പ്രയോഗം ഭൂമിയിലെ സഭയെ മൊത്തത്തിൽ പറഞ്ഞിരിക്കുന്നതാണോ? അതോ സ്വർഗീയ പ്രതലത്തിലുള്ളവരെ ചുരുക്കി പറഞ്ഞിരിക്കുന്നതാണോ? "പുനർജ്ജനനത്തിൽ" എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം എന്താണ്? അത് ഭൂമിയിലെ ക്രിസ്തീയ യുഗമാണോ അതോ ഭാവിയിലെ സ്വർഗിയ ഗോളമാണോ?

"പുനർജ്ജനനം" (*പാലിൻജെനസിയ*) എന്ന വാക്കിന്റെ അർത്ഥത്തെ ചൊല്ലിയാണ് മിക്ക വ്യാഖ്യാനങ്ങളും പോകുന്നത്. ഈ സംയുക്തവാക്ക് യോജിപ്പിച്ചിരിക്കുന്നത് "വീണ്ടും" (*പാലിൻ*) എന്നതും "തലമുറ" അല്ലെങ്കിൽ "ഉത്ഭവം" (*ജെനെസിസ്*) എന്നതും ചേർത്താണ്. യെഹൂദ എഴുത്തുകളിൽ *പാലിൻജെനെസിയ* വിവിധ സന്ദർഭങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. ഫിലോയുടെ എഴുത്തുകളിൽ, അത് പറയുന്നത് ജലപ്രളയത്തിനുശേഷമുള്ള പുതിയ ലോകത്തെ സൂചിപ്പിച്ചുകൊണ്ടാണ്.[28] ജോസെഫസ് ബാബേൽ പ്രവാസം കഴിഞ്ഞ് യെഹൂദന്മാർ മടങ്ങി വന്ന സാഹചര്യത്തിലാണ് അത് ഉപയോഗിച്ചിരിക്കുന്നത്.[29] പുതിയ നിയമത്തിൽ *പാലിൻജെനസിയ* കാണുന്ന മറ്റൊരു സന്ദർഭം തിത്തൊസ് 3:5 ലാണ്, അവിടെ പറയുന്നത് "പുനർജ്ജനന [സ്നാനം]" കൊണ്ടും "പരിശുദ്ധാത്മ നവീകരണത്താലും" എന്നാണ്. ഈ വേദഭാഗം യേശു പഠിപ്പിച്ച "വെള്ളത്താലും ആത്മാവിനാലുമുള്ള" "വീണ്ടും ജനനവുമായി യോജിക്കുന്നതാണ്" (യോഹ. 3:3-5).

വാക്യം 28 നെ കുറിച്ച് രണ്ട് തെറ്റായ വ്യാഖ്യാനങ്ങൾ പ്രചരിക്കുന്നുണ്ട്.[30] ആദ്യത്തെ കാഴ്ച്ചപ്പാട് "പുനർജനനം" എന്നതിനോട് തുല്യപ്പെടുത്തി ക്രിസ്തീയ കാലം അഥവാ സഭയെ/ദൈവരാജ്യത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. എങ്ങനെയായാലും, വാക്യം 28-ൽ പറയുന്നതുപോലെ, യേശു സ്വർഗാരോഹണം ചെയ്തപ്പോൾ, അവൻ പിതാവിന്റെ വലതുഭാഗത്തേക്ക്

പോയി (പ്രവൃ. 2:29–36; 1 കൊ. 15:23–28; കൊലൊ. 1:13; എബ്രാ 1:13). അതു കൊണ്ട്, പുനർജ്ജനനം എന്നു പറയുന്നത് ഈ കാലത്തിലേതാണ്, ആളുകൾ സുവിശേഷം കേട്ട് വിശ്വസിക്കുമ്പോൾ വീണ്ടും ജനിക്കുന്നു അഥവാ പുന ർജനിക്കപ്പെടുന്നു (തിത്തൊ. 3:5).[31] ഈ കാഴ്ച്ചപ്പാട് അനുസരിച്ച് സിംഹാസനം എന്നു പറയുന്നത് അക്ഷരികമല്ല, ആലങ്കാരികമാണ്. മനുഷ്യ ചരിത്രത്തിലെ അവസാന കാലം മുഴുവൻ അപ്പൊസ്തലന്മാർ തങ്ങളുടെ ഉപദേശത്താലും മാതൃകയാലും സഭയ്ക്ക് വേണ്ട നടത്തിപ്പും സഹായവും നൽകുന്നു. എച്ച് ലിയോ. ബോൾസ് എഴുതി, “അപ്പൊസ്തലന്മാർ ന്യായാധിപന്മാരാണെന്ന ആശയം വ്യക്തമാക്കുന്നത്, അവർ ഭൂമിയിലായിരുന്നപ്പോഴും, ഇപ്പോഴും നടപ്പാക്കിയ നിയമത്താൽ സഭാംഗങ്ങളെ ഭരിക്കുന്നതാണ്.”[32]

“പുനർജ്ജനനം” എന്ന വാക്കിനെ അടിസ്ഥാനപ്പെടുത്തിയുള്ള രണ്ടാ മത്തെ കാഴ്ച്ചപ്പാട്, സ്വർഗിയമായ അവസ്ഥ അല്ലെങ്കിൽ “വരുവാനുള്ള ലോകത്തെ” സംബന്ധിച്ചുള്ളതാണ്. ആ ഭാഷ സമാന്തര വേദഭാഗങ്ങളിൽ കാണാം (മർ. 10:30; ലൂക്കൊ. 18:30). ക്രിസ്തു ഇപ്പോൾ വാഴുന്നു എന്നതും അവൻ ഒരിക്കൽ വന്നു രാജ്യം പിതാവിന് ഏൽപിച്ചുകൊടുക്കും എന്നതു സത്യമാണ് (1 കൊ. 15:24). അവൻ സ്വർഗത്തിൽ പിതാവിനൊപ്പം നിത്യമായി വാഴുകയും ചെയ്യും (വെളി. 22:3). ദൈവം “സകലതും പുതുതാക്കുന്ന” പു തിയ ആകാശത്തെയും പുതിയ ഭൂമിയെയുമാണ് അത് സൂചിപ്പിക്കുന്നത് (വെളി. 21:1–5; യെശ. 65:17; 66:22; റോമ. 8:18–25; 2 പത്രൊ. 3:13 നോക്കുക). “യിസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങൾ” സൂചിപ്പിക്കുന്നത്, രക്ഷിക്കപ്പെട്ട് സ്വർഗത്തിൽ എത്തിയവരാണ്, അവരെയാണ് അപ്പൊസ്തലന്മാർ വാഴുന്നത് (1 കൊ. 6:2, 3; 2 തിമൊ. 2:12; വെളി. 3:21; 21:9–14 നോക്കുക).

യേശു ഇതേ കാര്യം മറ്റൊരു സന്ദർഭത്തിൽ അപ്പൊസ്തലന്മാരോട് പറ യുകയുണ്ടായി. അവിടെ “പുനർജ്ജനനം” എന്ന വാക്കിനു പകരം “രാജ്യം” എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്: “നിങ്ങളാകുന്നു എന്റെ പരീ ക്ഷകളിൽ എന്നോടുകൂടെ നിന്നവർ. എന്റെ പിതാവ് എനിക്ക് രാജ്യം നി യമിച്ചു തന്നതുപോലെ ഞാൻ നിങ്ങൾക്കും ഏൽപിച്ചു തരുന്നു. നിങ്ങൾ എന്റെ രാജ്യത്തിൽ എന്റെ മേശയിൽനിന്നു കുടിക്കയും സിംഹാസനങ്ങളിൽ ഇരുന്നു യിസ്രായേൽ ഗോത്രം പന്ത്രണ്ടിനേയും ന്യായം വിധിക്കയും ചെയ്യും” (ലൂക്കൊ. 22:28–30). സന്ദർഭം അനുസരിച്ച്, “രാജ്യം” എന്നത് ഇപ്പോഴത്തെ യാഥാർത്ഥ്യമായ (സഭ) ആണോ അതോ ഭാവി പ്രതീക്ഷയായ (സ്വർഗം) ആണോ എന്നു നിർണ്ണയിക്കാം. രാജ്യത്തിൽ തിന്നു കുടിക്കുക എന്നത് ഭാവികാലത്താണെങ്കിലും, ആ രണ്ടു വ്യാഖ്യാനങ്ങളിൽ ഏതാണ് ശരി എന്ന് വേദഭാഗം വ്യക്തമാക്കുന്നില്ല. ഈ വാക്യത്തിൽ പറയുന്നതുമായി യോജിക്കു ന്നതായി തോന്നുന്നതാണ്, യേശുവിനോടുകൂടെ അപ്പൊസ്തലന്മാർ വാഴുന്നു എന്ന ആശയം. യേശു സ്വർഗീയവും ഭൗമികവും ഇടകലർത്തി സംസാരിച്ചി രിക്കുവാനും സാദ്ധ്യതയുണ്ട്.

**വാക്യം 29**. യേശു പിന്നെ പറഞ്ഞു, “**എന്റെ നാമം നിമിത്തം വീടുകളെ യോ, സഹോദരന്മാരെയോ, സഹോദരികളെയോ, അപ്പനെയോ അമ്മയെ യോ, മക്കളെയോ, നിലങ്ങളെയോ വിട്ടുകളഞ്ഞവന്നു എല്ലാം നൂറു മടങ്ങ് ലഭിക്കും; അവൻ നിത്യജീവനെയും അവകാശമാക്കും.**” സിംഹാസനങ്ങ ളിൽ ഇരുന്നു യിസ്രായേൽ ഗോത്രം പന്ത്രണ്ടിനെയും ന്യായം വിധിക്കുമെന്ന വാഗ്ദാനം അപ്പൊസ്തലന്മാർക്ക് മാത്രമുള്ളതാണ്. ഈ വാക്യത്തിലേയും,

അടുത്ത വാക്യത്തിലേയും വാഗ്ദാനം "എല്ലാവർക്കും" ഉള്ളതാണ്. യേശുവിനെ അനുഗമിച്ചവർക്ക് പലപ്പോഴും വീടും, കുടുംബബന്ധവും, ജോലിയും, സമ്പാദ്യങ്ങളും വിട്ടുകളയേണ്ടതായി വന്നിട്ടുണ്ട് (4:22; 8:21, 22; 9:9). മുൻപ്, തന്റെ ശിഷ്യന്മാർ അവരുടെ ജീവിതത്തിൽ പ്രഥമ സ്ഥാനം തനിക്ക് നൽകണമെന്ന് അവൻ പറഞ്ഞിരുന്നു (10:37). ഇവിടെ അവൻ പറയുന്നത്, "[തന്റെ] നാമം നിമിത്തം" കുടുംബ ബന്ധങ്ങളെയും, സമ്പാദ്യങ്ങളെയും വിട്ടുകളയുന്നവന്ന് വളരെ വലിയ അനുഗ്രഹങ്ങൾ ലഭിക്കും എന്നാണ്. മർക്കൊസ് പറയുന്നത് ഇത്തരം ത്യാഗം സഹിക്കുന്നത് "സുവിശേഷം നിമിത്തം" എന്നാണ് (മർ. 10:29), ലൂക്കൊസ് അവിടെ പറയുന്നത് "ദൈവരാജ്യം നിമിത്തം" എന്നാണ് (ലൂക്കൊ. 18:29).

"അനേക മടങ്ങ്" എന്ന പ്രയോഗത്തിനു പകരം ഗ്രീക്കിൽ, അക്ഷരികമായി "നൂറു മടങ്ങ്" എന്നാണുള്ളത് (കെജെവി) അല്ലെങ്കിൽ "നുറു മടങ്ങോളം" (എൻഐവി). കൊയ്ത്തിൽ ലഭിക്കുന്ന അസാധാരണ വിളവിനെയാണ് ഈ കാർഷിക ഭാഷ വ്യക്തമാക്കുന്നത് (13:8 ന്റെ പരാമർശം നോക്കുക). തന്റെ അനുയായികൾക്ക് കൂടുതൽ ഭൗതികമായ അനുഗ്രഹങ്ങൾ ലഭിക്കുമെന്നല്ല ക്രിസ്തു അർത്ഥമാക്കിയത്, പിന്നെയോ, വിശ്വാസിക്കു ലഭിക്കുന്ന പ്രതിഫലങ്ങളിൽ, സന്തോഷവും, നിറവേറലും, മറ്റു ബന്ധങ്ങളും ഉൾപ്പെടുന്നു എന്നതാണ്; അവ ക്രിസ്തുവിനെ അനുഗമിപ്പാൻ വിട്ടുകളയുന്ന ഏതൊന്നിനേക്കാളും വലുതാണ്. യേശുവിന്റെ പ്രസ്താവനയെ നാം അക്ഷരികമായി എടുക്കേണ്ടതില്ലെങ്കിലും, നമ്മുടെ അനേക സഹോദരന്മാർ അവരുടെ വീടും, സമ്പാദ്യങ്ങളും, കുടുംബ ബന്ധങ്ങളും സഭയിൽ കൂടുതൽ കുടുംബങ്ങളെ ലഭിക്കുവാനായി വിട്ടു കളഞ്ഞിട്ടുണ്ട്.[33] അവസാനം, ഈ ജീവിതത്തിൽ ക്രിസ്തുവിന്റെ നാമം നിമിത്തം ത്യാഗം അനുഷ്ടിക്കുന്നവർക്ക് വരുവാനുള്ള ലോകത്തിൽ നിത്യജീവനും ലഭിക്കും.

**വാക്യം 30**. യേശു ഇങ്ങനെ പറഞ്ഞാണ് തന്റെ വിശദീകരണം അവസാനിപ്പിച്ചത്, **"എങ്കിലും, മുമ്പന്മാർ പലർ പിമ്പന്മാരും, പിമ്പന്മാർ മുമ്പന്മാരും ആകും"** (20:16; ലൂക്കൊ. 13:30; 22:24-27). രാജ്യത്തിൽ വലിയവൻ ആരാണെന്നതിനെ കുറിച്ചുള്ള ശിഷ്യന്മാരുടെ ചർച്ചയെ കുറിച്ച്, യേശു അവരോട് പറഞ്ഞു,"ഒരുവൻ മുമ്പനാകുവാൻ ഇഛിച്ചാൽ എല്ലാവരിലും ഒടുക്കത്തവനും, എല്ലാവരുടേയും ശുശ്രൂഷകനും ആകേണം എന്നു പറഞ്ഞു" (മർ. 9:33-35). അവൻ അതേ കൂട്ടം ആളുകളോടാണ് ഈ വേദഭാഗത്തിൽ സംസാരിക്കുന്നത്. പത്രൊസ് തന്റെ ചോദ്യത്തിൽ എല്ലാവരേയും ഉൾപ്പെടുത്തിയാണ് സംസാരിച്ചത് (19:27), അവരിൽ ആരും ആരേക്കാളും സ്ഥാനത്തിലോ നിലയിലോ ഉയർന്നവനല്ല എന്നു യേശു ഊന്നി പറഞ്ഞു. മുൻഗണന ആഗ്രഹിക്കുന്നവർ പിന്തള്ളപ്പെടും, പിമ്പിലാകുവാൻ ഇഛിക്കുന്നവരെ മുൻപന്തിയിലാക്കും.

**പാഠം**

## യേശുവും ധനവാന്മാരും (19:16-30)

യേശു ധനവാന്മാർക്കെതിരാണെന്ന വിശ്വാസം തെറ്റിദ്ധാരണാജനകമത്രെ. അവൻ മുഖപക്ഷം കാണിക്കുന്നവനല്ലായിരുന്നു. അവന്റെ ശിഷ്യന്മാരിൽ, സക്കായിയും, അരിമഥ്യക്കാരനായ യോസേഫും, നിക്കൊദേമോസും ഉണ്ടായിരുന്നു (ലൂക്കൊ. 19:1-10; മത്താ. 27:57; യോഹ. 3:1, 2; 19:38, 39). ധനവാന്മാർ

തങ്ങളുടെ പണം മറ്റുള്ളവരെ അനുഗ്രഹിക്കേണ്ടതിന്നും ദൈവരാജ്യത്തിന്റെ വ്യാപ്തിക്കുമായി ഉപയോഗിക്കണം (1 തിമൊ. 6:17–19); തീർച്ചയായും, അങ്ങനെ ചെയ്ത് അവർക്ക് ദൈവത്തെ പ്രസാദിപ്പിക്കാം. ധനിക യുവാവിന്റെ പ്രശ്നം ധനമായിരുന്നില്ല, പിന്നെയോ ദ്രവ്യാഗ്രഹമായിരുന്നു (1 തിമൊ. 6:10). അവൻ ധനികനായതുകൊണ്ട് അവനെ കുറ്റപ്പെടുത്തിയില്ല.

ആ യുവാവിനോട് യേശു ആവശ്യപ്പെട്ട ത്യാഗം എല്ലാവരിൽനിന്നും ആവശ്യപ്പെട്ടില്ല. അവന്റെ പ്രശ്നം എന്തെന്ന് യേശു മനസിലാക്കിയിട്ടാണ് ആ നിർദ്ദേശം നൽകിയത്. ക്രിസ്തുവിനെ അനുഗമിക്കുവാൻ നമുക്കുള്ളത് നാം വിൽക്കേണ്ടതില്ലെങ്കിലും, ജീവിതം ക്രിസ്തുവിനു സമർപ്പിക്കുവാൻ സമ്പാദ്യം തടസമായി തീരരുത് (ഫിലി. 3:7–11). ഭൗതിക സമ്പാദ്യത്തെ നാം ദൈവമായി കണ്ടാൽ, പിന്നെ അവിടെ സത്യദൈവത്തിനു സ്ഥാനം ഉണ്ടാകയില്ല (6:24). നമുക്ക് രണ്ടിനേയും ഒരേ സമയത്ത് സ്നേഹിപ്പാൻ സാദ്ധ്യമല്ല.

---

കുറിപ്പുകൾ

[1]ഫിലോ *ഓൺ ദ ക്രിയേഷൻ* 36. [2]ഡയോജെനസ് ലയർട്ടിയസ് *ലൈവ്സ് ഓഫ് ഇമിനെന്റ് ഫിലോസഫേഴ്സ്* 8.7. [3]ബ്രൂസ് എം. മെറ്റ്സ്ജെർ, *ഏ ടെക്സ്ചൽ കമെന്ററി ഓൺ ദ ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്*, 2 ഡ് എഡി. (സ്റ്റട്ട്ഗാർട്ട്: ജെർമൻ ബൈബിൾ സ്വസൈറ്റി, 1994), 39; എൻകെജെവി നോക്കുക. [4]ജെ. ഡബ്ലിയു. മെക്ഗാർവേ, *ദ ന്യൂടെസ്റ്റമെന്റ് കമെന്ററി*, വാല്യം. 1, *മാത്യു ആന്റ് മാർക്ക്* (എൻ.പി., 1875; റീപ്രിന്റ്, ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി., എൻ. ഡി.), 167. [5]താൽമൂദ് *ബെരാകോത്* 28ബി. [6]മെറ്റ്സ്ജെർ, 39–40; കെജെവി; എൻകെജെവി നോക്കുക. [7]ദൈവത്തിന്റെ നന്മയെ സങ്കീർത്തനങ്ങളിൽ അടിക്കടി പ്രകീർത്തിച്ചിരിക്കുന്നു (സങ്കീ. 16:2; 25:8; 34:8; 86:5; 100:5; 106:1; 107:1; 118:1, 29; 135:3; 136:1; 145:9). ദൈവം നൽകിയ നന്മക്ക് ദൈവത്തെ വാഴ്ത്തുവാൻ മിഷ്നായും പറയുന്നു: “നല്ലവനും, നന്മ ചെയ്യുന്നവനും അനുഗ്രഹിക്കപ്പെട്ടവൻ” (മിഷ്നാ *ബെരാകോത്* 9.2). [8]ഡഗ്ലസ് ആർ. ഏ. ഹെയർ, *മാത്യു*, ഇന്റർപ്രെട്ടേഷൻ (ലൂയിസ്വില്ലേ: ജോൺ നോക്സ് പ്രസ്, 1993), 225. [9]ഡേവിഡ് ഹിൽ, *ദ ഗോസ്പെൽ ഓഫ് മാത്യു*, ദ ന്യൂ സെഞ്ചുറി ബൈബിൾ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1972), 283. [10]മെറ്റ്സ്ജർ, 40; കെജെവി; എൻകെജെവി നോക്കുക.

[11]ഡൊണാൾഡ് ഏ. ഹാഗ്നെർ, *മാത്യു 14–28,* വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 33ബി (ഡള്ളാസ്: വേർഡ് ബുക്സ്, 1995), 558. [12]ജാക് പി. ലേവിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു,* പാർട്ട് 2, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 70–71. [13]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 3 ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് ഡബ്ലിയു. ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 572. പുരാതന സാഹിത്യത്തിൽനിന്നു ബാവർ രണ്ട് സമാനതകൾ ശ്രദ്ധിച്ചു. ഒരു ധനിക യുവാവ് സെനറ്ററായിരുന്ന ഒരു ലോക നിന്ദകനെ പിൻപറ്റുവാൻ തന്റെ സമ്പത്തെല്ലാം വിറ്റുകളഞ്ഞു. (ഡയോജെനസ് *എപ്പിസിൽസ്* 38.5; പ്രോഫിറി *ലൈഫ് ഓഫ് പ്ലോട്ടിനസ്* 7.) [14]താൽപര്യമെന്നു പറയട്ടെ, ഒരാളുടെ സമ്പത്തെല്ലാം വിറ്റു കളയുക എന്നത് റബ്ബിമാരുടെ ഉപദേശത്തിന് എതിരാണ്. താൽമൂദിലെ ഒരു ഭാഗം പറയുന്നത്, ഒരാളുടെ വസ്തുവകയിൽ അഞ്ചിലൊന്നിൽ കൂടുതൽ വിൽക്കരുത് എന്നാണ്

(താൽമൂദ് *കെതുബോത്* 50എ.) [15]ഹെയർ, 227. [16]മെറ്റ്സ്ജെർ, 90; കെജെവി; എൻകെജെവി നോക്കുക. [17]താൽമൂദ് *ബെരാകോത്* 55ബി (എംഫസിസ് ആഡഡ്). [18]താൽമൂദ് *രാബാമെറ്റ്സിയ* 38ബി (എംഫസിസ് ആഡഡ്). [19]മൈക്കിൾ ജെ. വിൽകിൻസ്, "മാത്യു," *ഇൻ സോണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ഗ്രൗൺസ് കമെന്ററി*, വാല്യം. 1, *മാത്യു, മാർക്ക്, ലൂക്ക്,* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ 2002), 120. [20]വില്യം കിർക് ഹോബർട്ട്, *ദ മെഡിക്കൽ ലാംഗേജ് ഓഫ് സെന്റ്. ലൂക്ക്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1954), 61.

[21]മെറ്റ്സ്ജെർ, 40. മെറ്റ്സ്ജെർ പറഞ്ഞു, "രണ്ടു ഗ്രീക്ക് വാക്കുകളും ഒരുപോലെയാണ് ഉച്ചരിക്കേണ്ടത്." ശാസ്ത്രിമാർക്ക് പ്രത്യേകിച്ച് വായിച്ച് കേട്ടതിൽ തെറ്റിദ്ധാരണയുണ്ടായി കാണും. [22]ജോൺ ജെ. ഹഗ്സ്, "നീഡിൽ" ഇൻ *ദ ഇന്റർനാഷ്ണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, റെവ. എഡി., എഡി. ജെഫ്രി ഡബ്ലിയു. ബ്രോംലേ (ഗ്രാൻഡ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1986), 3:510. [23]എല്ലാ അനുഗ്രഹങ്ങളുടേയും ഉറവിടമായ ദൈവത്തെ അനുസരിച്ച്, ഒരാൾക്ക് തന്റെ സമ്പത്ത് നിലനിർത്താമെന്ന് വിശ്വസിക്കപ്പെട്ടിരുന്നു (*ലെറ്റർ ഓഫ് അരിസ്റ്റെയാസ്* 204, 205.). [24]ഹെയർ, 228. [25]ഇബിഡ്. [26]ഉല്. 18:14; ഇയ്യോ. 42:2; സെഖ. 8:6; മർ. 9:23; ലൂക്കൊ. 1:37; 2 കൊ. 9:8; ഫിലി. 4:13 നോക്കുക. [27]ഡബ്ലിയു. എഫ്. ആൾബ്രൈറ്റും സി. എസ്. മാനും, *മാത്യു*, ദ ആങ്കർ ബൈബിൾ (ഗാർഡൻ സിറ്റി, ന്യൂയോർക്.: ഡബിൾഡേ & കമ്പനി., 1971), 233. [28]ഫിലോ *ലൈഫ് ഓഫ് മോസെസ്* 2.12. [29]ജോസെഫസ് *ആന്റികിറ്റിസ്* 11.3.9. [30]ചിലർ ഈ വാക്യം തങ്ങളുടെ ആയിരാമാണ്ട് വാഴ്ച്ചയെ പിന്താങ്ങുവാൻ എടുക്കുന്നുണ്ട്, എന്നാൽ ക്രിസ്തു ആയിരാ-മാണ്ട് ഭൂമിയിൽ വന്നു ഭൗതികമായി വാഴുമെന്ന സിദ്ധാന്തം വേദഭാഗങ്ങൾ ശരിയായി മനസിലാക്കാത്തതുകൊണ്ടാണ്.

[31]ജെയിംസ് ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ ദ ഗോസ്പെൽ ഓഫ് മാത്യു* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ് ഹൗസ്, 1968), 298-99. [32]എച്ച്. ലിയോ ബോൾസ്, *ഏ കമെന്ററി ഓൺ ദ ഗോസ്പെൽ ഏക്കോർഡിങ് ടു മാത്യു* (നാഷ്വിലേ: ഗോസ്പെൽ അഡ്വൊക്കേറ്റ് കമ്പനി., 1936), 396. [33]ലേവിസ്, *മാത്യു*, 73.